# SCHOOL ACADEMIC MASTER PLAN

2025 - 2026

GLPS APPAD

Scanned with OKEN Scanner

# ഗവ. എൽ. പി. സ്കൂൾ അപ്പാട്
## മൈലമ്പാടി [P.O]

സ്ഥാപിതം : 1973

ജില്ല : വയനാട്

വിദ്യാഭ്യാസ ഉപജില്ല : സു. ബത്തേരി

ഗ്രാമപഞ്ചായത്ത് : മീനങ്ങാടി.

വില്ലേജ് : പുറക്കാടി

വാർഡ് : 11

പ്രധാനാധ്യാപിക : ജയന്തി

പി. ടി. എ പ്രസിഡണ്ട് : ഷിജു എൻ. പി.

എസ്. എം. സി ചെയർമാൻ : ശശിധരൻ

ഇ-മെയിൽ : hmglpsappat@gmail.com

2025-2026 ൽ തയ്യാറാക്കിയ

അക്കാദമിക് മാസ്റ്റർ പ്ലാൻ

Scanned with OKEN Scanner

# വിഷൻ

അധ്യാപനവും അധ്യയനവും രസകരവും സർഗാത്മകവുമാക്കുന്നതിലൂടെ അക്കാദമിക നിലവാരം ഉയർത്തി പൊതുവിദ്യാഭ്യാസത്തിന്റെ സമഗ്ര ഗുണമേന്മ.

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തികൊണ്ട് വരികയാണ് ഗവ. എൽ.പി. സ്കൂൾ അരപ്പാട്.

അമ്പത്തിരണ്ട് വർഷത്തെ മഹത്തായ പാരമ്പര്യമുള്ളതാണ് ഈ വിദ്യാലയം. വർഷം തോറും ഒന്നാം ക്ലാസിൽ പ്രവേശനം തേടിയെത്തുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ഈ വിദ്യാലയത്തിന്റെ അക്കാദമിക മികവ് സാക്ഷ്യപ്പെടുത്തുന്നു.

ഒന്നു മുതൽ 4 വരെ ക്ലാസുകളിലായി 55 വിദ്യാർത്ഥികളാണ് ഈ വിദ്യാലയത്തിൽ ഉള്ളത്. മികച്ച ഭൗതിക സൗകര്യങ്ങളുണ്ടെങ്കിലേ മികച്ച അക്കാദമിക നിലവാരം സാധ്യമാകൂ. കാലഘട്ടത്തിന്റെയും സമൂഹത്തിന്റെയും കാഴ്ചപ്പാടിനനുസൃതമായ രീതിയിൽ ക്ലാസ്മുറികളുടെയും മറ്റ് ഭൗതികസാഹചര്യങ്ങളുടെയും നിലവാരം ഉയർത്തപ്പെടേണ്ടതായിട്ടുണ്ട്. എങ്കിലേ നിലവിലെ അവസ്ഥയിലും, ഭാവിയിലും മികച്ച പഠനാന്തരീക്ഷം ഉറപ്പുവരുത്താൻ കഴിയൂ.

Scanned with OKEN Scanner

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് അക്കാദമിക നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ വിവിധ മേഖലകളിൽ ഇടപെടലുകൾ നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്.

## ഭൗതിക സാഹചര്യങ്ങൾ

പ്രീ-പ്രൈമറി, എൽ.പി വിഭാഗങ്ങളിലായി 6 ക്ലാസുകൾ പ്രവർത്തിക്കുന്നു. ഓഫീസ്, ക്ലാസ്മുറികൾ, പാചകപ്പുര, സ്റ്റോർ, ശുചിമുറി എന്നിവയുണ്ട്. ഇലക്ട്രിഫിക്കേഷൻ പൂർണമല്ലാത്തതിനാലും, കെട്ടിടത്തിന്റെ കാലപ്പഴക്കവും ഭൗതിക സാഹചര്യത്തിന്റെ മികവിൽ ഒരു തടസ്സമായി നിലനിൽക്കുന്നുണ്ട്. സ്മാർട്ട് ക്ലാസ്റൂമുകളുടെ അഭാവം ഡിജിറ്റൽ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.

## കുട്ടികൾ, അധ്യാപകർ

1 മുതൽ 4 വരെ ക്ലാസുകളിലായി 54 കുട്ടികളും, പ്രീ-പ്രൈമറിയിൽ 12 കുട്ടികളും പഠിക്കുന്നു. 4 സ്ഥിരം അധ്യാപകർ, ഒരു PTCM, ഒരു പാചക തൊഴിലാളി, പ്രീപ്രൈമറിയിൽ ഒരു അധ്യാപിക, ഒരു അധ്യാപകേതര ജീവനക്കാരി എന്നിവർ പ്രവർത്തിക്കുന്നു.

Scanned with OKEN Scanner

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തും.

1. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികപരവുമായ കഴിവ് പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടാക്കി ഉത്തമപൗരന്മാരാക്കി മാറ്റും.

2. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.

3. വിവരസാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി മികച്ച പഠനാന്തരീക്ഷം ഉറപ്പുവരുത്തും

4. പൊതുപരീക്ഷയായ എൽ.എസ്.എസിലും മറ്റ് മത്സരപരീക്ഷകളിലും വിജയം കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കും.

5. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പഠനാന്തരീക്ഷം ഒരുക്കും.

6. മികച്ച സാമൂഹികപങ്കാളിത്തത്തോടെ സ്കൂളിനെ മികവിന്റെ പാതയിലേക്കുയർത്തും.

7. പരിസ്ഥിതി ഒരു പാഠപുസ്തകം എന്ന ആശയം നടപ്പിലാക്കും.

8. പോഷകസമൃദ്ധമായ ഉച്ചഭക്ഷണം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തും.

Scanned with OKEN Scanner

## ഉപലക്ഷ്യങ്ങൾ

1. കലാപരമായ കഴിവുകൾ മെച്ചപ്പെടുത്തിയെടുക്കാൻ ചിത്രരചനാ ക്യാമ്പുകൾ, പഴമകൾ നിലനിർത്താൻ നാടൻപാട്ട് ശില്പശാല എന്നിവ സംഘടിപ്പിക്കും. കായിക ശേഷി വികസനത്തിനുതകുന്ന മെച്ചപ്പെട്ട കായിക പരിശീലനവും കായിക വിദ്യാഭ്യാസവും നൽകും.

2. ഇംഗ്ലീഷ് അസംബ്ലിയിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തും. ഇംഗ്ലീഷ് ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കും. ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് റൈമുകൾ, കഥകൾ, എന്നിവ കേൾക്കുന്നതിന് അവസരം ഒരുക്കും.

3. ഭാഷാവിഷയങ്ങളിലും ശാസ്ത്രവിഷയങ്ങളിലും ഐ.സി.ടി സാധ്യത പരമാവധി പ്രയോജനപ്പെടുത്തും.

4. എൽ. എസ്. എസ് പരീക്ഷ പ്രത്യേക പരിശീലനം, ജനറൽ ക്വിസ്, അസംബ്ലിയിൽ പത്രവാർത്ത, ചോദ്യം ചോദിക്കൽ, സമ്മാനം ഇവ നടത്തും.

5. മികച്ച സാമൂഹ്യ പങ്കാളിത്തത്തോടെ ദിനാചരണങ്ങളും മറ്റ് പൊതുപരിപാടികളും സംഘടിപ്പിക്കും.

6. ജൈവ വൈവിധ്യനിരീക്ഷണവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കും.

Scanned with OKEN Scanner

ജൈവ വൈവിധ്യവുമായി ബന്ധപ്പെട്ട് സസ്യങ്ങൾ പൂക്കൾ, ഇലകൾ, വേരുകൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ ശേഖരണവും പതിപ്പും തയ്യാറാക്കും.

ശാസ്ത്രാവബോധ ശേഷികളായ നിരീക്ഷണം, വർഗ്ഗീകരണം, താരതമ്യം, അപഗ്രഥനം, നിഗമനം എന്നിവയ്ക്കനുയോജ്യമായ അവസരങ്ങൾ ഒരുക്കും.

7. പ്രീ പ്രൈമറി വിദ്യാർത്ഥികൾക്ക് സ്കൂൾ വിദ്യാർത്ഥികളുടേതിന് സമാനമായി എല്ലാ അവസരങ്ങളും ഒരുക്കും.

വിദ്യാലയ പ്രവർത്തനങ്ങളിലും ദിനാചരണങ്ങളിലും ആഘോഷങ്ങളിലും പൊതുപരിപാടികളിലും സമൂഹത്തിന്റെയും പി.ടി.എയുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തും.

Scanned with OKEN Scanner

# പരിസര പഠനം

പ്രവർത്തനം-1

പേര്: ശാസ്ത്ര പഠനോപകരണ ശില്പശാല

ഉപമേഖല: ലാബ് ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിലും അനുയോജ്യമായ പരീക്ഷണ നിരീക്ഷണങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കാൻ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം -2

പേര്: എന്റെ പരീക്ഷണം കുറിപ്പ് തയ്യാറാക്കൽ ) 4th Std

ഉപമേഖല: ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠന താത്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസിലാകുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ്ടീച്ചർ | |

പ്രവർത്തനം -3

പേര്: പരീക്ഷണകിറ്റ്

ഉപമേഖല: നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും 3,4 ക്ലാസ് ശാസ്ത്രപരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. | |

Scanned with OKEN Scanner

## മലയാളം

പ്രവർത്തനം : 1

പേര് : പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘു വിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം രണ്ട് പുസ്തകം | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം : 2

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ SRG. | |

Scanned with OKEN Scanner

പ്രവർത്തനം : 3

പേര് : ഉച്ചഭാഷിണി വായന

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം : 4

പേര് : അക്ഷരക്കൂട്ടം വായനാ കോർണർ

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായനാ-കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി | |

Scanned with OKEN Scanner

പ്രവർത്തനം : 5

പേര് : സ്കൂൾ ലൈബ്രറി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ സ്കൂൾ ലൈബ്രറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ പ്രാദേശിക ക്ലബ്ബുകൾ | |

Scanned with OKEN Scanner

പ്രവർത്തനം : 6

പേര് : ക്ലാസ്തല കയ്യെഴുത്തു മാഗസിൻ

ഉപകരണം : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരി-ക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാമാസവും | ക്ലാസ് - ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം : 7

പേര് : ക്ലാസ്തല പതിപ്പുകൾ

ഉപശേഖനം : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാമാസവും. | ക്ലാസ്ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം : 8

പേര് : എന്റെ വായനാ കുറിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാകുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം : 9

പേര് : കയ്യെഴുത്തു മാസികകൾ, പ്രിന്റഡ് മാഗസിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർ ചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്ന് | വിദ്യാരംഗം ക്ലബ്ബ്<br>പരസ്യം വഴി ഫണ്ടിംഗ് | |

Scanned with OKEN Scanner

പ്രവർത്തനം : 11

പേര് : സർഗ്ഗവേള

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച് പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായന കാർഡ്) വായനാക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം : 12

പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിക്കൽ

ഉപമേഖല : ആശയ ഗ്രഹണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

ENGLISH - 2025-2026.

Activity - I
Name - English Assembly.

| Aim | Activity | Duration | Duty / charge | Finance |
| --- | --- | --- | --- | --- |
| Give importance for english presentation | Conduct English Assembly once in each week | Once in a week | English club. | |

Activity - II
Name - English Diary (3, 4 std)

| Aim | Activity | Duration | Charge | Finance |
| --- | --- | --- | --- | --- |
| To develop writing skills in English | Write the experiences from school and house in English. | Once in a week | class teacher | |

Activity - III
Name - English Bulletin.

| Aim | Activity | Duration | Charge | Finance |
| --- | --- | --- | --- | --- |
| To give importance for presentation skills in English | Make English Bulletin in each month related to | | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | various topics<br>June Environment.<br>July - Moon<br>August - Independance day<br>September - Onam<br>October - Gandhi<br>November - Keralam<br>December - Christmas<br>January - New year | Once in each month. | class teacher | |

Activity - IV
Name - Reading card workshop.

| Aim | Activity | Duration | Charge | Finance |
|---|---|---|---|---|
| To enable them to write and read in English | Reading card preparation with the help of parents. | June | English club. | |

Activity - V
Name : Work sheet workshop.

| Aim | Activity | Duration | Charge | Finance |
|---|---|---|---|---|
| Enable all the students learn in English | Prepare worksheets for all the children with the help of teachers | July | SRG | 2000. |

Scanned with OKEN Scanner

പ്രവർത്തനം : 1

പേര് : ഗണിത വർക്ക്ഷീറ്റ് ശില്പശാല

ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠപുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് മുറികളിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG സഹായ [illegible] സംരക്ഷണ സമിതി | 4000 . |

പ്രവർത്തനം : 2

പേര് : ഗണിതലാബ് (ഗണിതമൂല)

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാൻ സഹായകരമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ | 2025-26 | SRG. | |

പ്രവർത്തനം : 3

പേര് : ഗണിതമൂല

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ ([illegible] കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം : 4

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| ഓരോ ക്ലാസിലും തെറ്റി [illegible] ഉള്ളട [illegible] പ്രയാസ [illegible] തെറ്റി [illegible] ക്കുന്നവർ ഉ[illegible]പ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം ആവർത്തിച്ചു നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 5

പേര് : ഗണിതക്ലാസ് പി.ടി.എ

ഉപമേഖല : സി. പി. ടി. എ ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഓരോ ക്ലാസിലും കുട്ടികളും വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 6

പേര് : ഗണിതം മധുരം

ഉപമേഖല : ഗണിത കേളി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിത ശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ — | |

Scanned with OKEN Scanner

# സാമൂഹികാവബോധം

പ്രവർത്തനം : 1
പേര് : അതിഥിയെ അറിയൽ
ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ എന്നിവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലബ്ധരായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ ചർച്ചകൾ, സംവാദങ്ങൾ ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | സമഗ്രഗുണമേന്മ സംരക്ഷണ സമിതി ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 2
പേര് : പ്രാദേശിക അറിവ്
ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | സമഗ്ര ഗുണമേന്മ — സംരക്ഷണ സമിതി. | |

പ്രവർത്തനം : 3
പേര് : ഫീൽഡ് ട്രിപ്പ്
ഉപമേഖല : പൊതുസ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായിക്കുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത് വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 2000 |

Scanned with OKEN Scanner

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1
പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമാക്കി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ (സമ പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം : 2
പേര് : IT ലാബ്
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ-ആഗസ്റ്റ് | SITC | |

Scanned with OKEN Scanner

## തനതു പ്രവർത്തനങ്ങൾ

പ്രവർത്തനം : 1

പേര് : മെത്തയിൽ ചവിട്ടാം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഴ് വസ്തുക്കൾ എല്ലാം രീതിയിൽ പുനരുപയോഗിക്കാം എന്ന് പരിചയപ്പെടൽ | പഴയ തുണികൾ ഉപയോഗിച്ച് ചവിട്ടി വീട്ടിലേക്കും, ക്ലാസിലേക്കും നിർമിക്കുന്നു. | ജൂലൈ - ഓഗസ്റ്റ് | ക്ലാസ് ടീച്ചർ പി.ടി.എ | |

പ്രവർത്തനം -2

പേര് : ആടാം പാടാം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാനസിക, ശാരീരിക ഉല്ലാസം | ആഴ്ചയിലൊരിക്കൽ അധ്യാപകരുമൊത്ത് ഡാൻസ് പിരീഡ് [illegible] | ജൂൺ - മാർച്ച് | SRG. | |

പ്രവർത്തനം -3

പേര് : വായിക്കാം... നേടാം...

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പത്രവായനയ്ക്ക് താല്പര്യം ഉണർത്തൽ | മാസത്തിലൊരിക്കൽ പത്രക്വിസ് നടത്തി സമ്മാനം നൽകുന്നു | ജൂൺ - മാർച്ച് | SRG | |

പ്രവർത്തനം-3

പേര് : അക്ഷരദീപം തെളിക്കാം..

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. | കുട്ടികൾക്ക് എല്ലാവർക്കും എല്ലാദിവസവും 1.30 ന് ശേഷം 2 മണിവരെ എഴുത്തിലും വായനയിലും പ്രത്യേക പരിശീലനം | ജൂൺ - മാർച്ച് | SRG. | |

Scanned with OKEN Scanner